**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3341** **15-02-2024 - ൽ മറുപടിയ്ക്ക്**

**പൊതുജനങ്ങൾക്ക് ഭീഷണിയാകുന്ന മരങ്ങൾ മുറിച്ചു മാറ്റൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പൊതുജനങ്ങൾക്ക് ഭീഷണിയായി സർക്കാർ ഭൂമിയിൽ നിൽക്കുന്ന മരങ്ങൾ മുറിച്ച് മാറ്റുന്നതിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാലതാമസം ഒഴിവാക്കാനായി സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (എ) | മരങ്ങൾ മുറിച്ച് മാറ്റുന്നതിന് മുൻപ് സോഷ്യൽ ഫോറസ്ട്രി വിഭാഗത്തിന്റെ വില നിർണ്ണയം നടത്തി മുറിക്കുന്നതിനുള്ള അനുവാദം ലഭ്യമാക്കേണ്ടതുണ്ട്. അതിനുശേഷം ലേലം നടത്തിയാണ് മരങ്ങൾ മുറിച്ച് മാറ്റുന്നത്. സോഷ്യൽ ഫോറസ്ട്രി വിഭാഗം സാക്ഷ്യപ്പെടുത്തുന്ന വില ലഭ്യമാകാത്തതിനാൽ പല പ്രാവശ്യം ലേലം ചെയ്യേണ്ടി വരാറുണ്ട്. കൂടുതൽ വില ലഭ്യമാക്കുന്നതുവരെ പുനർലേലം ചെയ്യുന്നത് കാലതാമസം ഉണ്ടാക്കാറുണ്ട്. ലേലം നടക്കുന്ന വിവരം സർക്കാർ ഓഫീസുകളിലും പൊതുസ്ഥലങ്ങളിലും നോട്ടീസ് പതിപ്പിച്ച് കൂടുതൽ പ്രചരണം നൽകാറുണ്ട്. ലേലം നടക്കാത്ത സാഹചര്യങ്ങളിൽ ഓഫീസർമാരുടെ അധികാര പരിധിയിൽ നിന്നുകൊണ്ട് survey Report തുകയേക്കാൾ കുറഞ്ഞ തുകയ്ക്കും ലേലം നടത്തി ഉത്തരവാദിത്തപ്പെട്ട അധികാരിയുടെ അംഗീകാരം നേടി എത്രയുംവേഗം അപകടാവസ്ഥയിൽ നിൽക്കുന്ന മരങ്ങൾ മുറിച്ചു മാറ്റാറുണ്ട്.<br><br>തദ്ദേശസ്വയംഭരണ വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന Tree Committee യിൽ നിന്നും അപകടകരമാണെന്ന് റിപ്പോർട്ട് ലഭിക്കുന്ന മരങ്ങൾ, പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗത്തിന്റെ നിയന്ത്രണത്തിലുള്ള ഭൂമിയിലാണെങ്കിൽ ആയവ മുറിച്ചു മാറ്റുന്നതിനുള്ള നടപടികൾ റണ്ണിംഗ് കോൺട്രാക്ടിൽ ഉൾപ്പെടുത്തിയും പ്രീമൺസൂൺ പ്രവൃത്തിയിൽ ഉൾപ്പെടുത്തിയും കാലതാമസമില്ലാതെ തന്നെ ചെയ്തു വരുന്നു. |
| (ബി) | ഇത്തരത്തിൽ മുറിച്ച് മാറ്റിയ മരങ്ങൾ ലേലം ചെയ്യാതെ നശിച്ച് പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ? | (ബി) | മുറിച്ചു മാറ്റിയ മരങ്ങൾ ലേലം ചെയ്ത് വിൽക്കുകയാണ് ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ